# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

എ.എം.എൽ.പി.എസ്
പരിയാപുരം

2025-26

# എ എം എൽ പി സ്കൂൾ പരിയാപുരം

## പ്രാഥമിക വിവരങ്ങൾ

| | |
|---|---|
| ഉടമസ്ഥത | - എയ്ഡഡ് |
| വിഭാഗം | - LP |
| വിദ്യാഭ്യാസ ഉപജില്ല | - മങ്കട |
| ബി.ആർ.സി | - മങ്കട |
| സി.ആർ.സി | - പുത്തനങ്ങാടി |
| സ്ഥാപിതം | - 1925 |
| വാർഡ് നമ്പർ | - 17 |
| സ്ഥലം | - പരിയാപുരം |
| പഞ്ചായത്ത് | - അങ്ങാടിപ്പുറം |
| മെമ്പർ | - അനിൽ പുലിപ്ര |
| ഇ.മെയിൽ | - amlpspariyapuram@gmail.com |
| മൊ. നമ്പർ | - 9744450980 |
| പ്രധാനാധ്യാപിക | - ഗൗരി.ഇ |
| പി ടി എ പ്രസിഡന്റ് | - ബഷീർ കിനാതിയിൽ. |

# ഉള്ളടക്കം


* ആമുഖം
* വിദ്യാലയത്തിന്റെ ലഘുചരിത്രം
* വിദ്യാലയത്തിന്റെ പൊതുലക്ഷ്യങ്ങൾ.
* നിലവിലെ അവസ്ഥാവിശകലനം.
* ഭൗതികാന്തരീക്ഷം
* പദ്ധതി വിശദാംശങ്ങൾ
  മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ
* ക്ലാസ്തലം - അക്കാദമിക മാസ്റ്റർ പ്ലാൻ
* വാർഷിക കലണ്ടർ
* മോണിറ്ററിംഗ് ,
* ഉപസംഹാരം

# ആമുഖം

അങ്ങാടിപ്പുറം പഞ്ചായത്തിന്റെ
ഹൃദയഭാഗത്ത് വാക്കാട്ടിൽ സുനിൽബാബുവിന്റെ മാ-
നേജ്മെന്റിന്റെ കീഴിൽ ഒരു ദേശത്തെ വിദ്യാഭ്യാസ-
പുരോഗതിയെ ഉയർത്തിക്കൊണ്ട് പരിയാപുരം എ-
എം എൽ പി സ്കൂൾ നിലനിൽക്കുന്നു.

ഹൈടെക് സൗകര്യങ്ങളോട് കൂടിയുള്ള
പുതിയ കെട്ടിടവുമായി പ്രവർത്തന പുരോഗതി തുടരു-
ന്ന സ്കൂൾ അക്കാദമിക, അക്കാദമികേതര പ്രവർത്ത-
നങ്ങളിൽ മുന്നിട്ട് നിൽക്കുന്നു. കലാകായിക, ശാസ്ത്ര-
മേളകളിൽ വൻ വിജയങ്ങൾ കൈവരിച്ചു. പിന്നോക്കം
നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ നൽകുന്നത്
തുടർന്നു. മൂന്ന് വർഷമായി കരാട്ടെ ക്ലാസ്സുകൾ നടന്നു-
വരുന്നു. അബാക്കസ് ക്ലാസ്സുകൾ മൂന്നാം വർഷത്തിലേക്ക്-
കടക്കുന്നു.

ശതാബ്ദി-നൂറാം വാർഷികാഘോഷത്തിന്റെ ഭാഗമായി-
ആരംഭിച്ച ആധുനിക പഠനാന്തരീക്ഷത്തിന്റെ ത്രിമാന

അനുഭവങ്ങൾ കുട്ടികൾക്കു നൽകുന്ന VERTUAL. REALITY (VR), അതോടൊപ്പം ഭാഷാശേഷി പുരോഗതിക്കായി LANGUAGE LAB എന്നിവ കൂടുതൽ പുതുമയോടെയും കാര്യക്ഷമമായും കുട്ടികളിലേക്കെത്തിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല- ഭൗതികസൗകര്യത്തെക്കുറിച്ച് സമൂഹത്തിനുണ്ടായിവന്ന പുതിയ ധാരണകളും സങ്കല്പങ്ങളും ഉൾക്കൊള്ളുന്ന തരത്തിലുള്ള നൂതന പദ്ധതി-കളുടെ ആസൂത്രണവും നടന്നുവരുന്നുണ്ട്. പ്രീപ്രൈമറി ക്ലാസുകളിൽ അടിസ്ഥാനസൗ-കര്യം, ഫിസിക്കൽ ട്രെയിനിംഗ് തുടങ്ങിയവയും. ഈ വർഷം മുതൽ ആരംഭിക്കാനിരിക്കുന്നു.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

അങ്ങാടിപ്പുറം പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് പരിയാപുരം ദേശത്ത് വാക്കാട്ടിൽ തെരുവാങ്ങി അവർകളുടെ മാനേജ്മെന്റിന്റെ കീഴിൽ 1925ൽ എയ്ഡഡ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ എന്ന സരസ്വതിക്ഷേത്രം സ്ഥാപിതമായി. ഓത്തുപള്ളിയും സ്കൂളും കൂടിയാണ് തുടക്കം. ഒന്നുമുതൽ 5 വരെയായിരുന്നു ആ കാലഘട്ടത്തിൽ.

1959 കാലഘട്ടത്തിൽ എൽ പിയിൽ നിന്ന് 5ാം ക്ലാസ് UP യിലേക്ക് മാറ്റിയതിനെത്തുടർന്ന് 4ാം ക്ലാസ് വരെയായി. കെ.ഇ.ആർ അനുസരിച്ചുള്ള ബിൽഡിംഗ് കെട്ടി പുനസ്ഥാപിച്ചു. 4ാം ക്ലാസിൽ ഒരു ഡിവിഷൻകൂടി കിട്ടി. ഉച്ചഭക്ഷണം ഏർപ്പാടായി.

കലാപരമായും കായികപരമായും മാറ്റങ്ങൾ വന്നു. 1984 ന് ശേഷം എല്ലാ ക്ലാസ്സുകളിലും രണ്ട് ഡിവിഷൻ വീതം ഉണ്ടായി. കുട്ടികളുടെ എണ്ണം 300 ൽ കവിഞ്ഞു. സ്കൂളിന് ഓഫീസ്മുറിയും ക്ലാസ്റൂമുകളും, യൂണിഫോമും ഏർപ്പെടുത്തി. ടോയ്‌ലറ്റ്, കളിസ്ഥലം, വാട്ടർ ടാങ്ക്, ലൈബ്രറി, ബെഞ്ചുകൾ തുടങ്ങിയവ PTA യുടെ സഹകരണത്തോടെ ലഭിച്ചു. കുടിവെള്ളം ലഭിച്ചുതുടങ്ങി.

പിന്നീടുള്ള കാലങ്ങളിൽ ബാത്റൂമുകൾ ടൈലുകൾ പാകി, ടാപ്പുകൾ വെച്ചു. കണോർ ശരിയാക്കി. കൂടുതൽ മാർക്ക് ലഭിക്കുന്നവർക്ക് ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തി. സബ്ജില്ലാതലത്തിൽ മികച്ച സ്കൂളുകളെ തിരഞ്ഞെടുത്തപ്പോൾ നമ്മുടെ സ്കൂൾ രണ്ടാം സ്ഥാനം നേടിയ കാലത്തുതന്നെ കലാകായിക പഠനമേഖലകളിൽ മുൻപന്തിയിൽ എത്തി.

2009 ൽ സ്കൂളിനോടനുബന്ധിച്ച് പ്രീപ്രൈമറി ക്ലാസ് ആരംഭിച്ചു. കമ്പ്യൂട്ടർ പഠനം ഊർജ്ജിതമാക്കി. പ്രൊജക്ടർ, കമ്പ്യൂട്ടർ, ലാപ്ടോപ്പ്, പ്രിന്റർ എന്നിവ സ്വന്തമായി. ആഘോഷങ്ങൾ വിപുലമായി നടത്തിത്തുടങ്ങി.

2016ൽ പഞ്ചായത്തിൽ നിന്നും മികവ് അവതരണത്തിൽ പഞ്ചായത്ത് തലത്തിൽ ഒന്നാം സ്ഥാനം നേടി. 2017 ൽ അക്ഷരപ്രയാസം നേരിടുന്ന കുട്ടികൾക്കായി ശനിയാഴ്ചകളിൽ ക്ലാസ് സംഘടിപ്പിച്ചു. കൊറോണ കാലഘട്ടത്തിൽ വിദ്യാഭ്യാസം സ്തംഭിച്ചപ്പോഴും നൂതന സാങ്കേതിക വിദ്യയുപയോഗിച്ചുകൊണ്ട് പഠനം മുടങ്ങാതെ ഓൺലൈനായി ചെയ്യാൻ കഴിഞ്ഞു. പരിമിതികളെ അതിജീവിച്ച് തുടർച്ചയായും നിരന്തരമായുമുള്ള വിലയിരുത്തലിലൂടെ മികച്ച വിദ്യാഭ്യാസം കുട്ടികൾക്ക് നൽകാൻ കഴിഞ്ഞു എന്നത് സ്കൂളിന് അഭിമാനപരമായ മികച്ച നേട്ടം തന്നെയായിരുന്നു.

2023 അക്കാദമിക വർഷം പഴയ സ്കൂൾ കെട്ടിടത്തിൽ നിന്ന് മാറി പുതിയ ഹൈടെക് കെട്ടിടത്തിലേക്ക് മാറി.

ആധുനിക രീതിയിൽ നിർമ്മാണം നടത്തിയ സ്കൂൾ സമീപ പ്രദേശങ്ങളിലെ മറ്റുവിദ്യാലയങ്ങളെക്കാളും പിന്നിലാക്കുന്ന തരത്തിലുള്ള ഉന്നതമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി. ഹൈടെക് ക്ലാസ്സ് മുറി, ഡിജിറ്റൽ സംവിധാനം, വിശാലമായ ലൈബ്രറി, മീഡിയാറൂം, ലാംഗ്വേജ്-ലാബ്, വെർച്വൽ റിയാലിറ്റി, വിശാലമായ കളിസ്ഥലം, ഓഡിറ്റോറിയം, വിശാലമായ ഓഫീസ്റൂം, ലാബ്, തുടങ്ങി കാലോചിതമായ മാറ്റങ്ങളോടെ സ്കൂളിനെ മാറ്റിയെടുത്തു.

2025 ഫെബ്രുവരിയിൽ സ്കൂളിനായുള്ള പുതിയ കിച്ചൺ കം സ്റ്റോറിന്റെ ഉദ്ഘാടനവും നടന്നു. അങ്ങനെ മങ്കട സബ്ജില്ലയിലെ ഏറ്റവും മികച്ച പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനമായി അഭിമാനത്തോടെ സ്കൂളിന്റെ വളർച്ച തുടരുന്നു.

2024-25 ൽ നൂറ് വർഷം പൂർത്തിയാക്കി പതിനായിരങ്ങൾക്ക് വിദ്യാർത്ഥികൾക്ക് അറിവിന്റെ ആദ്യാക്ഷരം കുറിച്ച് വിദ്യാസമ്പന്നരാക്കി തലമുറകൾ കൈമാറി തലയെടുപ്പോടെ സ്കൂൾ നിലനിൽക്കുന്നു. സ്കൂളിന്റെ നൂറാം വാർഷികം വിവിധ-പരിപാടികളോടെ 2025 ഫെബ്രുവരി 23, 24, 25 എന്നീ ദിവസങ്ങളിലായി നാടിന്റെ ഉത്സവമായി-ആഘോഷിച്ചു.

സ്കൂൾ മാനേജറായ വാക്കാട്ടിൽ സുനിൽ ബാബു സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രതയുള്ളതും അതിന്റെ വളർച്ചയ്ക്കായി പരിശ്രമിക്കുന്നതുമായ വ്യക്തിയാണ്. സ്കൂളിലെ-എല്ലാ ആവശ്യങ്ങൾക്കും നിലവിലെ മാനേജ്മെന്റ്-സജീവമായി പിന്തുണ നൽകുന്നതായി കാണുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പൂർവ വിദ്യാർ-ത്ഥികളും നാട്ടുകാരും അകമഴിഞ്ഞ പിന്തുണ നൽ-കുന്നുണ്ടെന്നത് ഏറെ സന്തോഷകരം തന്നെയാണ്.

# പൊതു ലക്ഷ്യങ്ങൾ

- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും തങ്ങൾ ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഭാഷാവ്യവഹാര ശേഷിക്ക് കൂടുതൽ ഊന്നൽ നൽകും.
- കുട്ടികളുടെ സർഗ്ഗപരവും, ശാസ്ത്രഗണിതശാസ്ത്ര, പ്രവൃത്തി പരിചയ മേളകളും കലാകായിക വാസനകളും കണ്ടുപിടിച്ച് പ്രോത്സാഹിപ്പിച്ച് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- ലൈബ്രറി വായന ശാക്തീകരിക്കുക.
- നാലാം ക്ലാസ്സിലെ കുട്ടികളെ എൽ എസ് എസ് പരീക്ഷയ്ക്ക് സജ്ജരാക്കാൻ മികച്ച കോച്ചിംഗ്, പിന്തുണാ സഹായം എന്നിവ ഉറപ്പുവരുത്തും.
- ഓരോ കുട്ടിക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കുന്ന വിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പൊതു ലക്ഷ്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മികവ് നേടുക.

- എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും, വായിക്കാനും, എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തൽ.
- മനക്കണക്ക്, ചതുഷ്ക്രിയകൾ എന്നിവ സ്വായത്തമാക്കാനുള്ള കൂടുതൽ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകൽ.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക-ക്ലാസ്സുകൾ നൽകൽ.

# അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിര അധ്യാപകർ | താൽക്കാലിക അധ്യാപകർ |
|---|---|---|---|
| എൽ.പി | 9 | 7 | 2 |

# അവസ്ഥാ വിശകലനം

2023-24 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

2023-24

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G |
| | 25 | 13 | 27 | 23 | 24 | 20 | 13 | 25 | 89 | 81 |
| ആകെ | 38 | | 50 | | 44 | | 38 | | 170 | |

2024-25 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം

## 2024-25

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G |
| | 29 | 21 | 24 | 12 | 31 | 24 | 24 | 19 | 108 | 76 |
| ആകെ | 50 | | 36 | | 55 | | 43 | | 184 | |

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം.

## 2025-26

| വിഭാഗം | I | | II | | III | | IV | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | B | G | B | G | B | G | B | G | B | G |
| | 13 | 22 | 28 | 20 | 23 | 12 | 29 | 24 | 93 | 78 |
| ആകെ | 35 | | 48 | | 35 | | 53 | | 171 | |

കുട്ടികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ നടന്നിട്ടുണ്ട്. 2023-24 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ 38 കുട്ടികളാണ് പ്രവേശനം നേടിയത്. 2024-25 അദ്ധ്യയന വർഷം അത് 50 ആക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. എന്നാൽ 25-26 അദ്ധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ നല്ല കുറവുതന്നെ സംഭവിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ തമ്മിലുള്ള മത്സരമാണോ, അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഇടപെടലുകളാണോ, കുട്ടികളുടെ എണ്ണത്തിലുള്ള കുറവാണോ എന്നത് കണ്ടെത്തേണ്ടിയിരിക്കുന്നു.

## അധ്യാപകർ

നിലവിൽ HM അടക്കം 10 അദ്ധ്യാപകരാണുള്ളത്. ഹെഡ്മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ സഹാധ്യാപകർ അക്കാദമിക രംഗത്തും പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

# വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവരല്ല. കാർഷികവേല, കൺസ്ട്രക്ഷൻവേല എന്നിവയിലാണ് കൂടുതൽ രക്ഷിതാക്കളും. വിദ്യാലയ പ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തൽപ്പരരാണ്. അതുകൊണ്ട് തന്നെ വിദ്യാലയവും രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തുസൂക്ഷിക്കാൻ സാധിക്കുന്നു.

# ഭൗതികാന്തരീക്ഷം

## വിശകലന കുറിപ്പ്

| വിഭാഗം | നിലവിലുള്ളത് |
|---|---|
| പെൺകുട്ടികൾക്കുള്ള മൂത്രപ്പുര, ടോയ്‌ലറ്റ്. | 5 |
| ആൺകുട്ടികൾക്കുള്ള മൂത്രപ്പുര, ടോയ്‌ലറ്റ്. | 6 |
| ചുറ്റുമതിൽ | ഉണ്ട് |
| അടുക്കള | ഉണ്ട് |

### 1- ക്ലാസ്മുറി

നിലവിൽ ഓരോ ക്ലാസ്സും രണ്ട് ഡിവിഷൻ വീതമാണുള്ളത്. ഓരോ ഡിവിഷനും പ്രത്യേക ക്ലാസ്മുറികളും വിശാലമായ ഓഫീസ് റൂമും വരാന്തയും സ്കൂളിന് നിലവിലുണ്ട്.

2- ടോയ്‌ലറ്റ്

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായിതന്നെ ടോയ്‌ലറ്റ് സൗകര്യം സ്കൂളിനുണ്ട്.

3- കിണർ

സ്കൂളിനായി കിണറുണ്ട്. ചുറ്റുമതിൽ കെട്ടി മുകൾ-ഭാഗം കമ്പിയിട്ടിട്ടുണ്ട്.

4- ചുറ്റുമതിൽ

സ്കൂൾ കോമ്പൗണ്ട് ചുറ്റുമതിൽ കെട്ടി വേർതിരിക്കപ്പെട്ടിട്ടുണ്ട്.

5- കളിസ്ഥലം

കുട്ടികൾക്ക് കളിക്കുന്നതിനായി സ്കൂളിനു ചുറ്റും ചെറിയ മുറ്റങ്ങളുണ്ട്. കളിഉപകരണങ്ങൾ, ഊഞ്ഞാൽ എന്നീ സൗകര്യങ്ങളും നിലവിലുണ്ട്. സ്കൂളിന് വിശാലമായ ഗ്രൗണ്ടും ഉണ്ട്.

6- സ്റ്റേജ്, മീറ്റിംഗ് ഹാൾ

വിശാലമായ സ്റ്റേജും, അതോടനുബന്ധിച്ച് ഒരു ഓപ്പൺ ഓഡിറ്റോറിയവും നിലവിലുണ്ട്. സ്കൂൾ അസംബ്ലികളും മറ്റുപരിപാടികളും ഈ സ്റ്റേജിൽ വെച്ച് നടത്താറുണ്ട്.

## 7- ഹരിത വിദ്യാലയം

മാലിന്യമുക്ത ഹരിതവിദ്യാലയമായി സ്കൂളിനെ പ്രഖ്യാപിച്ചിട്ടുണ്ട്. ഹരിത സഭാംഗങ്ങൾ കൃത്യമായി കാര്യങ്ങൾ ചെയ്തുവരുന്നു. ചെടികളും പച്ചക്കറികളും തണൽ മരങ്ങളും നടാറുണ്ട്. സ്കൂൾ ജൈവ പച്ചക്കറി കൃഷി പൊതുജന പങ്കാളിത്തത്തോടെ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 8- ചിൽഡ്രൻസ് പാർക്ക്

നിലവിൽ കളിയുപകരണങ്ങൾ ക്ലാസ്മുറിയിലും, ഓഫീസിലുമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. ചെറിയ ഒരു ചിൽഡ്രൻസ് പാർക്കും വാൾ ഗാർഡനും നിർമ്മിക്കേണ്ടതായിട്ടുണ്ട്.

## 9- ഐ.ടി പഠനം

നിലവിൽ എല്ലാ ക്ലാസ്മുറികളും സ്മാർട്ട് ക്ലാസ് റൂമുകളാണ്. IT പഠനത്തിനായി IT ലാബും 6 കമ്പ്യൂട്ടറുകളും നിലവിലുണ്ട്.

# അനുബന്ധ സംവിധാനങ്ങൾ

## എസ് ആർ ജി

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തി വരുന്നു.

## പി ടി എ

എല്ലാ മാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ചചെയ്യുന്നു.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയങ്ങളുമായി ബന്ധപ്പെട്ടതും പൊതുവായതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. മേളകളിൽ സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ട്.

## ലൈബ്രറി

ക്ലാസ് ലൈബ്രറികൾ നടപ്പിലാക്കി. അതിനായി പുസ്തകങ്ങൾ കുട്ടികളിൽ നിന്ന് തന്നെ ശേഖരിച്ചു.

## കമ്പ്യൂട്ടർ ലാബ്

ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് IT പരിശീലനം നൽകിവരുന്നു. ക്ലാസധ്യാപകർ തന്നെയാണ് പരിശീലനം നൽകുന്നത്.

## ജൈവ പച്ചക്കറി കൃഷി

സ്കൂൾ പരിസരത്ത് പച്ചക്കറി കൃഷി നടത്തി വരുന്നു. PTA യുടെ സഹായത്താൽ വിപുലപ്പെടുത്തേണ്ടതുണ്ട്.

## സ്കൂൾ അസംബ്ലി

ആഴ്ചയിൽ രണ്ട് തവണ അസംബ്ലി കൂടുന്നു. പത്രവായന, പിറന്നാളിന് പുസ്തകം സമ്മാനമായി നൽകി വരുന്നു.

## കലാകായിക പരിശീലനം

കുട്ടികൾക്കാവശ്യമായ പരിശീലനം നൽകി സ്കൂൾതലമേള നടത്തി ഉപജില്ലാതല മേളകളിൽ പങ്കെടുപ്പിക്കുന്നു.

# മലയാളം

ലക്ഷ്യങ്ങൾ:-

- എഴുത്തും വായനയും എല്ലാവരിലും ഉറപ്പിക്കൽ.
- എഴുത്തും വായനയും ആസ്വാദ്യകരമാക്കൽ.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- വിശേഷ ദിവസങ്ങളുമായി ബന്ധപ്പെട്ട് കഥകൾ, കവിതകൾ, വിവരങ്ങൾ, ചിത്രങ്ങൾ എന്നിവ ശേഖരിക്കൽ. പതിപ്പാക്കൽ.
- സർഗവേള പിരിയഡുകൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തൽ.
- വ്യത്യസ്ത വായനാസാമഗ്രികൾ പ്രയോജനപ്പെടുത്തൽ.

പ്രവർത്തനങ്ങൾ

> അസംബ്ലിയിൽ പത്രവായന

> വ്യവഹാര രൂപങ്ങൾ - അവതരണം

> ക്ലാസ് ലൈബ്രറി നവീകരണം

> ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ തയ്യാറാക്കൽ.

> പതിപ്പ് നിർമ്മാണം
> കഥ പറയൽ.
> തലക്കെട്ട് നൽകൽ.
> ആശംസാകാർഡ് നിർമ്മാണം.
> അമ്മ വായന പരിപോഷിപ്പിക്കൽ.

# പ്രവൃത്തിപരിചയം

> നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടിയിലും വികസിപ്പിക്കൽ
> പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കൽ
> ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയ അനുഭവത്തെ ബന്ധിപ്പിക്കൽ

# ആരോഗ്യകായിക വിദ്യാദ്യാസം

> കായികാരോഗ്യക്ഷമത ഉറപ്പാക്കൽ.
> ആരോഗ്യശീലങ്ങൾ വളർത്തൽ.
> സ്കൂൾ കോമ്പൗണ്ട് മാലിന്യമുക്തമാക്കൽ.
> ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം ഉണ്ടാക്കുക.
> മനസ്സിന്റെ ശക്തി ബോധ്യപ്പെടുത്തി ലക്ഷ്യം കൈവരിക്കാൻ പ്രാപ്തരാക്കുക.

# English

## 1) Language Lab (Lingua Hub)

നിലവിൽ ഒന്നാം ക്ലാസിലേക്ക് അഡ്മിഷൻ എടുത്തിട്ടുള്ള എല്ലാകുട്ടികളും രണ്ടാം ഭാഷ ഇംഗ്ലീഷാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇംഗ്ലീഷ് വിഷയം ക്ലാസുകളോടും ഇംഗ്ലീഷ് ഭാഷയോടുമുള്ള താൽപര്യം ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ട്തന്നെ മികച്ച ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം കുട്ടികൾക്ക് നൽകാനായിട്ടാണ് Lingua Hub Language Lab ആവിഷ്കരിച്ചിട്ടുള്ളത്. മികച്ച രീതിയിലും വ്യത്യസ്തമാർന്ന രീതിയിലും താൽപര്യവും ആകർഷണവും തോന്നുന്ന തരത്തിലാണ് Language Lab തയ്യാറാക്കപ്പെട്ടിട്ടുള്ളത്. Activities, Games, Memory test തുടങ്ങി വ്യത്യസ്തമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി KG മുതൽ 4 വരെ ക്ലാസുകാർക്ക് ഉപയോഗിക്കാൻ പറ്റുന്നരീതിയിലാണ് ലാബ് തയ്യാറാക്കിയിട്ടുള്ളത്. കുട്ടികളിൽ ഒഴുക്കോടെ സംസാരം, വായന, എഴുത്ത് എന്നിവ ഉറപ്പിക്കാനും എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഈ പദ്ധതി നടത്തിവരുന്നത്.

# ലക്ഷ്യങ്ങൾ :-

- ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ നേരിട്ടും, കളികളിലൂടെയും കുട്ടികളിലേക്കെത്തിക്കൽ.
- പാഠപുസ്തകത്തിലെ കഥകൾക്കും കവിതകൾക്കും പുറമെ ചെറിയ കഥകൾ, കവിതകൾ എന്നിവ വായിക്കാനുള്ള അവസരം സൃഷ്ടിക്കൽ.
- അക്ഷരം പഠിക്കുന്ന കുട്ടികൾക്കായി Letters, Numbers Pictures, cards എന്നിവ ഉപയോഗപ്പെടുത്തൽ
- കളികളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ.
- ഇംഗ്ലീഷ് മലയാളത്തോടൊപ്പം തന്നെ പ്രാധാന്യത്തോടെ എല്ലാവരും നന്നായി കൈകാര്യം ചെയ്യാൻ കഴിയും വിധമുള്ള പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ക്ലാസ്മുറിയിൽ ബോധന-മാധ്യമം ഇംഗ്ലീഷ് ക്ലാസ്സ് മാത്രമാക്കുക.
- ചിത്രങ്ങളിൽ നിന്ന് കഥ, കവിത എന്നിവ സ്വന്തമായി എഴുതാൻ പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് വാർത്ത കേൾക്കാനും, വായിക്കാനും അവസരമൊരുക്കൽ.
- ഇംഗ്ലീഷ് ഡയറി എഴുത്തിന് പ്രോത്സാഹനം നൽകൽ.

12

# ഗണിതം

## ലക്ഷ്യങ്ങൾ :-

- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തൽ.
- സംഖ്യാബോധം ഉറപ്പിക്കൽ.
- നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.
- ഗണിത പഠനം എളുപ്പമാക്കൽ.

## പ്രവർത്തനങ്ങൾ

> ഗണിത ബോർഡ്

> ഗണിത ക്ലാസ്

> അബാക്കസ് പരിശീലനം

> പഠനോപകരണ നിർമ്മാണം

> ഗണിതവിസ്മയം (പ്രൊജക്ടർ)

> ഗണിത അസംബ്ലി

> ഗണിതോത്സവം - പരിപാടി

# പരിസരപഠനം.

ലക്ഷ്യങ്ങൾ :-

- നിരീക്ഷണം, നിഗമനം, വർഗീകരണം എന്നിവ പരിപോഷിപ്പിക്കൽ.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ.
- ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തൽ.
- ശാസ്ത്രാവബോധം വളർത്തൽ.
- കുട്ടിശാസ്ത്രജ്ഞരെ വളർത്തിയെടുത്തൽ
- വ്യക്തിശുചിത്വം, പരിസര ശുചിത്വം
- ജിജ്ഞാസ, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കൽ.

പ്രവർത്തനങ്ങൾ

> പരീക്ഷണം
> പച്ചക്കറിത്തോട്ടം നനയ്ക്കൽ
> ശാസ്ത്രമേള
> ഫീൽഡ് ട്രിപ്പ്
> ശാസ്ത്ര ലാബ് - പ്രയോജനപ്പെടുത്തൽ
> ശാസ്ത്ര ശില്പശാല

> സി.ഡി പ്രദർശനം
> വ്യത്യസ്ത ആഘോഷങ്ങളുടെ ചിത്രപ്രദർശനം
> ഉത്സവപ്പറമ്പിലേക്കൊരു യാത്ര.
> ബോധവൽക്കരണ ക്ലാസ് - ഹെൽത്ത് ക്ലബ്ബ്
> പലതരം വീടുകൾ - സന്ദർശന യാത്ര
> കർഷകനുമായി അഭിമുഖം
> തൊഴിൽ ശാല സന്ദർശനം
> കുട്ടികളുടെ ഹരിതസഭ - മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കൽ.
> ശാസ്ത്ര നാടകം
> ശാസ്ത്രമേള

# അറബിക്

> എല്ലാകുട്ടികളെയും ആശയം ഉൾക്കൊണ്ട്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
> കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
> വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷിവർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കൽ.

> വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാപഠന പ്രക്രിയയിലൂടെ ഉറപ്പു വരുത്തൽ.

> ഭാഷാ പഠനത്തിൽ ICTയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കൽ.

# കലാവിദ്യാഭ്യാസം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തൽ.
- കലാഭിരുചി വളർത്തൽ
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.
-

| | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | June | |
| June 2 | പ്രവേശനോത്സവം. | |
| June 4 | പ്രീടെസ്റ്റ് | |
| June-5 | പരിസ്ഥിതി ദിനം. | |
| June 9 | പെരുന്നാൾ ആഘോഷം. | |
| June 12 | ലോക ബാലവേല വിരുദ്ധ ദിനം. | |
| June 16 | മലപ്പുറം ജില്ല രൂപീകരണം. | |
| June 19 | വായന ദിനം. | |
| June 20 | SRG. | |
| June 21 | യോഗ ദിനം | |
| June 24 | ജനറൽ ബോഡി യോഗം. | |
| June 26 | ലഹരി വിരുദ്ധ ദിനം. | |
| | SRG - June - 13, 20, 27 | |
| | July. | |
| July 4 | ബഷീർ ദിന പരിപാടികൾ | |
| July 5 | ബഷീർ ദിന | |
| July 7 | CPTA. | |
| July 10 | [illegible] സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്. | |
| July 17 | വിദ്യാരംഗം ഉദ്ഘാടനം. | |
| July 21 | ചാന്ദ്ര ദിനം. | |
| July 22 | ഗണിതക്ലബ് ഉദ്ഘാടനം. | |
| July 28 | Unit test. | |
| | SRG - July 4, 11, 18, 25 | |
| | August. | |
| Aug-6 | ഹിരോഷിമ ദിനം. | |
| Aug 9 | ക്വിറ്റ് ഇന്ത്യ ദിനം, നാഗസാക്കി ദിനം. | |
| Aug 12 | CPTA. | |
| Aug 15 | സ്വാതന്ത്ര്യ ദിനം. | |
| Aug 17 | കർഷക ദിനം. | |
| Aug 26 | പാദവാർഷിക പരീക്ഷ. | |
| | SRG - 1, 8, 22, 29 | |
| Aug 29 | - ദേശീയ കായിക ദിനം, [illegible] | |

| | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| | **September** | |
| ~~-5~~ | ദേശീയ അധ്യാപക ദിനം. | |
| Sep-3 | ഓണാഘോഷം. | |
| Sep-5 | അധ്യാപക ദിനം | |
| Sep-18 | ~~ശാസ്ത്ര മേള~~. CPTA. | |
| Sep 22 | ശാസ്ത്ര മേള. | |
| | SRG 12, 19, 26. | |
| | **October** | |
| Oct-2 | ഗാന്ധി ജയന്തി. | |
| Oct-6 | കലാമേള. | |
| Oct-13 | കായിക മേള. | |
| Oct-16 | ലോക ഭക്ഷ്യദിനം. | |
| Oct-21 | Unit Test | |
| Oct-24 | CPTA. | |
| | SRG - 3, 10, 17, 24, 31 | |
| | **November** | |
| Nov-1 | കേരള പിറവി ദിനം. | |
| Nov-11 | വിദ്യാഭ്യാസ ദിനം. | |
| Nov-14 | ശിശു ദിനം., Kids Fest. | |
| Nov 24 | ടാലന്റ് ടെസ്റ്റ്. | |
| Nov-28 | CPTA. | |
| | SRG - 7, 14, 21, 28. | |
| | **December** | |
| Dec-6 | പഠനയാത്ര. | |
| Dec-12 | ~~[illegible]~~ അർദ്ധവാർഷിക പരീക്ഷ | |
| Dec 18 | അറബിഭാഷ ദിനം. | |
| Dec 19 | ക്രിസ്മസ് ദിനാഘോഷം. | |
| Dec 22 | ഗണിത ദിനം. | |

[illegible]

| | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| Dec-30 | CPTA. | |
| | SRG- Dec 5, 12, 19, 26 | |
| | **January** | |
| Jan-26 | റിപ്പബ്ലിക് ദിനം. | |
| Jan 27 | യൂണിറ്റ് ടെസ്റ്റ് | |
| Jan 29 | CPTA | |
| Jan 31 | വാർഷികം. | |
| | SRG- Jan 2, 9, 16, 23, 30. | |
| | **February** | |
| Feb 20 | English Fest. | |
| Feb 21 | മാതൃഭാഷാ ദിനം. | |
| ~~Feb 28~~ | ~~ദേശീയ ശാസ്ത്ര ദിനം.~~ | |
| Feb 23 | Unit test. | |
| Feb 27. | CPTA. | |
| Feb 28 | ദേശീയ ശാസ്ത്ര ദിനം. | |
| | SRG- Feb. 6, 13, 20, 27. | |
| | **March** | |
| March 6 | പഠനോത്സവം | |
| March 16 | മാതൃകാ പരീക്ഷ. | |
| March 19 | [illegible] | |
| March 23 | വാർഷിക പരീക്ഷ. | |
| | SRG- March 6, 13, 20, 27 | |

# മോണിട്ടറിംഗ്

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് ഹെഡ്മിസ്ട്രസ്, SRG കൺവീനർ, പി ടി എ പ്രസിഡണ്ട് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (PTA, MTA, SRG) എന്നിവരെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.

# ഉപസംഹാരം

വിദ്യാലയത്തിന്റെ നിലവിലുള്ള അവസ്ഥയെക്കുറിച്ചും ഇതൊരു മാതൃകാ വിദ്യാലയമാക്കാനാവശ്യമായ അക്കാദമികവും, ഭൗതികവും, സാമൂഹ്യവുമായ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപാദിച്ചുകഴിഞ്ഞു. നാം ഉദ്ദേശിച്ച ലക്ഷ്യത്തിലെത്താൻ എല്ലാ വ്യക്തികളുടെയും, സംഘടനകളുടെയും സഹകരണങ്ങൾ നേടിക്കൊണ്ട് കൂട്ടായ പ്രവർത്തനത്തിലൂടെ ഗ്രാമ പ്രദേശത്തിന്റെ വിജ്ഞാന കേന്ദ്രമായ ഈ വിദ്യാലയത്തെ മികവിന്റെ മറ്റൊരു കേന്ദ്രമാക്കി മാറ്റാനുള്ള തീവ്രയജ്ഞത്തിൽ നമുക്ക് പങ്കാളികളാകാം.